# കേരള നിയമസഭ
# 13.02.2013-ലെ മറുപടിക്ക്

<u>ധനകാര്യ വളർച്ചയിലെ കേരള മോഡൽ</u>

2390 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ, വിദ്യാഭ്യാസ രംഗങ്ങളിലുണ്ടായ വളർച്ച പോലെ ധനകാര്യ വളർച്ചയിലും 'കേരള മോഡൽ' ഇന്ത്യക്ക് വിഭാവനം ചെയ്യുവാൻ മുൻകൈ എടുക്കുമോ;

(ബി) ഇതിനുള്ള പ്രതികൂല ഘടകങ്ങൾ സംസ്ഥാനത്തുണ്ടോ; വിശദമാക്കുമോ;

(സി) ഇവ മെച്ചപ്പെടുത്തി തൊഴിലവസരങ്ങൾ സൃഷ്ടിച്ച് കേരളത്തിലെ യുവാക്കളുടെ കർമ്മശേഷി ഇവിടെത്തന്നെ ചെലവഴിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**13.02.2013-ലെ മറുപടിക്ക്**

<u>സാമ്പത്തികനിക്ഷേപത്തട്ടിപ്പുകൾ</u>

2391 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
,, സി. മോയിൻകുട്ടി
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൻസാമ്പത്തികാനുകൂല്യങ്ങൾ വാഗ്ദാനം ചെയ്തു നിക്ഷേപം സ്വീകരിച്ച് നിക്ഷേപകരെ പറ്റിക്കുന്ന ബിസിനസ് സംസ്ഥാനത്ത് തഴച്ചുവളരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അമിതപലിശനിരോധനനിയമം പ്രാബല്യത്തിലാവുകയും, അതു പ്രകാരമുള്ള നടപടികൾ ആരംഭിക്കുകയും ചെയ്ത സാഹചര്യത്തിലും പ്രസ്തുതമേഖലയിലുള്ളവർ നിക്ഷേപസമാഹരണത്തിൽ ഏർപ്പെടുന്ന കാര്യം ശ്രദ്ധിക്കുമോ;

(സി) അമിത വാഗ്ദാനത്തിന്മേലുള്ള നിക്ഷേപത്തട്ടിപ്പിനെതിരെ നിയമ നിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

ധനകാര്യ വിഭാഗം പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ

2392 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12 വർഷത്തിൽ ധനകാര്യ പരിശോധന വിഭാഗം മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ, ജില്ലാ മെഡിക്കൽസ്റ്റോറുകൾ, മെഡിക്കൽ കോളേജുകളിലെ മെഡിക്കൽ സ്റ്റോറുകൾ എന്നിവിടങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം ക്രമക്കേടുകളിലാണ് പ്രസ്തുത പരിശോധനയിൽ കണ്ടെത്തിയിട്ടുളളത്; വ്യക്തമാക്കുമോ;

(സി) ക്രമക്കേടുകൾ സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) പരിശോധന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>പബ്ലിക് എക്സ്പെൻഡിച്ചർ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ</u>

2393 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും മന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാർ നിയോഗിച്ച പബ്ലിക് എക്സ്പെൻഡിച്ചർ കമ്മിറ്റിയുടെ റിപ്പോർട്ടിലെ പ്രധാന പരാമർശങ്ങൾ എന്തൊക്കെയാണ്; പ്രസ്തുത റിപ്പോർട്ട് ഏതു വിധത്തിൽ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം നൽകാമോ?

## കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

2394 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ഫെബ്രുവരി 1 വരെ വിവിധ വകുപ്പുകളുടെ പ്ലാൻ ഫണ്ട് വിഹിതത്തിൽ എത്ര ശതമാനം തുകവരെ ചെലവഴിച്ചു എന്നതിന്റെ സ്ഥിതിവിവരക്കണക്ക് ലഭ്യമാക്കുമോ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്രത്തിൽനിന്നും ലഭിയ്ക്കേണ്ടുന്ന തുകയും ലഭിച്ചതുകയും ചെലവഴിച്ച തുകയും വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ;

(സി) പുതിയ എത്ര കേന്ദ്രാവിഷ്കൃത പദ്ധതികളാണ് നടപ്പു സാമ്പത്തികവർഷം ആരംഭിക്കുവാൻ കഴിഞ്ഞത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

പതിനാലാം ധനകാര്യ കമ്മീഷനും കേന്ദ്രവിഹിതവും

2395 ശ്രീ. എം.എ. ബേബി
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. രാജു എബ്രഹാം
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പതിനാലാം ധനകാര്യ കമ്മീഷന്റെ പരിഗണനാവിഷയങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനം ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ നേരത്തെ കൈവരിച്ച നേട്ടങ്ങൾ കാരണം പലപ്പോഴും അർഹമായ കേന്ദ്രവിഹിതം സംസ്ഥാനത്തിന് ലഭിക്കാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മുൻധനകാര്യ കമ്മീഷനുകളിൽ നിന്നും അർഹമായ വിഹിതം സംസ്ഥാനത്തിന് ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പതിനാലാം ധനകാര്യ കമ്മീഷൻ മുമ്പാകെ സംസ്ഥാനം എന്തെല്ലാം നിർദ്ദേശങ്ങളാണ് മുന്നോട്ടുവയ്ക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) പതിനാലാം ധനകാര്യ കമ്മീഷനെ നിയമിച്ച സാഹചര്യത്തിൽ സംസ്ഥാനം എന്തൊക്കെ മുന്നൊരുക്കങ്ങളാണ് നടത്തയിട്ടുള്ളത് ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>കേന്ദ്ര നികുതി വരുമാനത്തിന്റെ അൻപതു ശതമാനം സംസ്ഥാനങ്ങൾക്ക് പങ്ക്വെയ്ക്കണമെന്ന ആവശ്യം</u>

2396 ഡോ: ടി.എം. തോമസ് ഐസക്
ശ്രീ. പി. ശ്രീരാമകൃഷ്ണൻ
,, വി. ശിവൻകുട്ടി
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രനികുതി വരുമാനത്തിന്റെ അൻപതു ശതമാനം സംസ്ഥാനങ്ങൾക്ക് പങ്ക് വെയ്ക്കണമെന്ന ആവശ്യം ഉന്നയിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പതിനാലാം ധനകാര്യകമ്മീഷന് നൽകുന്ന നിവേദനത്തിൽ ഇക്കാര്യം ആവശ്യപ്പെടുമോ;

(സി) കേന്ദ്ര-സംസ്ഥാന ധനകാര്യ ബന്ധങ്ങളിൽ അസന്തുലിതാവസ്ഥ ഉണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ പരിണിത ഫലം സംസ്ഥാനം അനുഭവിക്കുന്നത് ഏതെല്ലാം നിലയിലാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇത് പരിഹരിച്ച് കിട്ടുന്നതിന് ശ്രമം നടത്തുമോ;

(ഇ) പതിനാലാം ധനകാര്യ കമ്മീഷന്റെ ടേംസ് ഓഫ് റെഫറൻസ് സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) അതിലെ ഏതെല്ലാം സമീപനങ്ങളാണ് സംസ്ഥാന താല്പര്യത്തിന് വിരുദ്ധമാണെന്ന് കരുതുന്നത് ; വിശദമാക്കുമോ?

# കേരള നിയമസഭ
# 13.02.2013-ലെ മറുപടിക്ക്

സർക്കാരിന്റെ വരവും ചെലവും

2397 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ചിരിക്കുന്നത്;

(ബി) ഭൂനികുതി, ഭൂരജിസ്ട്രേഷൻ എന്നിവയിൽ നിന്നും എത്ര തുകയാണ് വരവിനത്തിൽ ലക്ഷ്യമിട്ടിരുന്നത്; 2012 ഡിസംബർ 31 വരെ എത്ര തുക പിരിച്ചു;

(സി) 2012 ഏപ്രിൽ 1 മുതൽ 2012 ഡിസംബർ 31 വരെ കേന്ദ്ര വിഹിതമായി എത്ര തുക ലഭിച്ചു; ലഭിക്കേണ്ടിയിരുന്ന തുക എത്രയായിരുന്നു; കുറവ് വന്നുവെങ്കിൽ എത്ര; കാരണം വ്യക്തമാക്കാമോ;

(ഡി) ഈ സാമ്പത്തികവർഷത്തിൽ എത്ര രൂപ സംസ്ഥാനം വിവിധ ഏജൻസികളിൽനിന്നും വായ്പയെടുത്തു; ഏതെല്ലാം ഏജൻസികളിൽനിന്നും എത്രവീതം; വ്യക്തമാക്കാമോ;

(ഇ) 2012 ഏപ്രിൽ 1 മുതൽ എത്ര രൂപയുടെ കുടിശ്ശിക തുകകൾക്ക് സ്റ്റേ നൽകി; കോടതി സ്റ്റേ ഉണ്ടോ; എങ്കിൽ എത്ര; 10 ലക്ഷത്തിൽ കൂടുതലുള്ള തുകയ്ക്ക് എത്രപേർക്ക് സ്റ്റേ നൽകിയെന്ന് വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കാമോ;

(എഫ്) 1.4.2012 മുതൽ 31.12.2012 വരെ സർക്കാർ ജീവനക്കാർക്ക് ശമ്പളം, പെൻഷൻ, ലോൺ തിരിച്ചടവ്, വിവിധ ഏജൻസികൾക്ക് പലിശ എന്നീ ഇനങ്ങളിൽ എത്ര തുക വീതം ചെലവായി;

(ജി) 1.4.2012 മുതൽ നാളിതുവരെ വികസനപ്രവർത്തനങ്ങൾക്കായി എത്ര തുക ചെലവഴിച്ചു;

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

(എച്ച്) 1.4.2012 മുതൽ 31.12.2012 വരെ ആകെ വരവ് എത്ര; ആകെ ചെലവ് എത്ര; വരവും ചെലവും ഓരോ വകുപ്പിലേയും പ്രത്യേകം ശീർഷകാടിസ്ഥാനത്തിൽ പറയാമോ; ചെലവഴിച്ച തുകയും ശതമാനവും വ്യക്തമാക്കാമോ ; ഏറ്റവും കുറഞ്ഞ തോതിൽ തുക ചെലവഴിച്ച വകുപ്പുകൾ ഏതെല്ലാമാണ്?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>ഇ-ടെൻണ്ടർ സെൽ പ്രവർത്തന സംവിധാനം</u>

2398 ശ്രീ. അൻവർ സാദത്ത്
,, ഷാഫി പറമ്പിൽ
,, ലൂഡി ലൂയിസ്
,, എം. എ. വാഹിദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിൽ ഇ-ടെണ്ടർ സെൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എല്ലാ സർക്കാർ ഓഫീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ഇ-ടെണ്ടർ സംവിധാനം ഏർപ്പെടുത്തുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് സെല്ലിൽ നടന്നുവരുന്നത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം ഇടപാടുകളാണ് ആദ്യഘട്ടത്തിൽ പ്രസ്തുത സംവിധാനം വഴി നടപ്പിലാക്കുവാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

വിദ്യാഭ്യാസ വായ്പയിൻമേലുള്ള പലിശ

2399 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പയുടെ മേൽ ബാങ്കുകൾ ചുമത്തുന്ന പലിശ ഏറ്റെടുക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച എന്തെങ്കിലും പരാതികൾ ലഭിച്ചതായറിയാമോ;

(സി) 2003-2009 കാലയളവിലെ വിദ്യാഭ്യാസ വായ്പാ പലിശ പൂർണ്ണമായും സർക്കാർ വഹിക്കുമോ എന്ന് വ്യക്തമാക്കുമോ;

(ഡി) ഇതു സംബന്ധിച്ച് 2012 മാർച്ച് 23 ന് നിയമസഭയിൽ നടത്തിയ പ്രഖ്യാപനം പ്രാവർത്തികമായിട്ടുണ്ടോ എന്ന് വിശദീകരിക്കാമോ;

(ഇ) ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>പി.ഡബ്ല്യു.ഡി ഉന്നതാധികാര സമിതി</u>

2400

ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

G.O(P)No.43/13/Fin. Tvpm dt.22.1.2012 പ്രകാരം സാങ്കേതികാനുമതിയ്ക്ക് പരിധി നിശ്ചയിച്ചുകൊണ്ട് പി.ഡബ്ല്യു.ഡി. സെക്രട്ടറിയേയും ചീഫ് ടെക്നിക്കൽ എക്സാമിനറേയും ചീഫ് എഞ്ചിനീയർ (ഡിസൈൻ)നേയും ചേർത്ത് രൂപം നൽകിയത് ഉന്നതാധികാര സമിതി പി.ഡബ്ല്യു.ഡി. വർക്കുകളുടെ പ്രവർത്തനത്തിന് കാലതാമസം വരുത്തുവാൻ ഇടവരുത്തുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരമൊരു ഉത്തരവിറക്കാനുണ്ടായ സാഹചര്യം വിശദമാക്കുമോ ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

ധനകാര്യ പരിശോധനാ വിഭാഗം കണ്ടെത്തിയ ക്രമക്കേടുകൾ

2401 ശ്രീ. ജോസഫ് വാഴക്കൻ
,, വി.റ്റി.ബൽറാം
,, സണ്ണി ജോസഫ്
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകണക്കുകൾ പെരുപ്പിച്ച് കാണിക്കുകയായിരുന്നു എന്നും ചില സ്ഥാപനങ്ങളുടെ മാനേജിംഗ് ഡയറക്ടർമാർ യോഗ്യതയില്ലാത്തവരാണെന്നും ധനകാര്യ പരിശോധനാ വിഭാഗം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) എത്ര സ്ഥാപനങ്ങൾ ഇത്തരത്തിൽ കണക്ക് പെരുപ്പിച്ച് കാണിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത ക്രമക്കേടുകൾ പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>കുട്ടനാട് പാക്കേജിനായുള്ള ബഡ്ജറ്റ് വിഹിതം</u>

2402 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിന് വേണ്ടി 2012-2013ലെ ബഡ്ജറ്റിൽ സംസ്ഥാന വിഹിതമായി അനുവദിച്ചിരുന്ന തുക ഏതെല്ലാം പ്രവൃത്തികൾക്ക് എത്ര വീതം ചെലവഴിച്ചു വെന്ന് വിശദമായ റിപ്പോർട്ട് സഹിതം ലഭ്യമാക്കുമോ ;

(ബി) ഇതിൽ എത്ര തുക ബാക്കി ഉണ്ടെന്നും എത്ര തുക ചെലവഴിക്കാനുണ്ടെന്നും വിശദമാക്കുമോ ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>കുട്ടനാട് സിവിൽ സ്റ്റേഷൻ അനക്സ് കെട്ടിട നിർമ്മാണം</u>

2403 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കുട്ടനാട് സിവിൽ സ്റ്റേഷൻ അനക്സ് കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

വാമനപുരം മണ്ഡലത്തിലെ അസറ്റ് ഡെവലപ്പ്മെന്റ് ഫണ്ട് പ്രവൃത്തികള്‍

2404 ശ്രീ. കോലിയക്കോട് എന്‍. കൃഷ്ണന്‍ നായര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തില്‍ അസറ്റ് ഡെവലപ്പ്മെന്റ് ഫണ്ടില്‍ ഉള്‍പ്പെടുത്തി നടപ്പിലാക്കുന്നതിന് എന്തു തുകയ്ക്കുളള പ്രൊപ്പോസല്‍ സര്‍ക്കാരിന് ലഭിച്ചിട്ടുണ്ട്;

(ബി) ഇവയില്‍ ഏതെങ്കിലും പ്രവൃത്തികള്‍ക്ക് ഭരണാനുമതി നല്‍കിയിട്ടുണ്ടോ; എങ്കില്‍ ഉത്തരവുകളുടെ പകര്‍പ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത സ്കീമിലെ വര്‍ക്കുകള്‍ക്ക് അനുമതി ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) ഇവയുടെ നടപടിക്രമങ്ങള്‍ ലഘൂകരിച്ച് നിശ്ചിത സമയത്തിനുളളില്‍ അനുമതി ലഭ്യമാക്കുന്നതിന് നടപടികള്‍ സ്വീകരിക്കുമോ;

(ഇ) അസറ്റ് ഡെവലപ്മെന്റ് ഫണ്ടില്‍ ഉള്‍പ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ അനുമതിക്കായുള്ള ഫയലുകളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ?

## കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ എൽ. എ. സി. എ. ഡി. എഫ് പ്രവൃത്തികൾ</u>

2405 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൽ.എ.സി എ.ഡി.എഫ് ൽ ഉൾപ്പെടുത്തി ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ നിന്നും ശുപാർശ ചെയ്ത ബിൽഡിംഗ് വിഭാഗം പ്രവൃത്തികൾക്ക് അനുമതി ലഭ്യമാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തു തുകയുടെ അനുമതിയാണ് ലഭ്യമാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത ശുപാർശകളിന്മേലുള്ള നടപടി ക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>ആസ്തി വികസന പദ്ധതി</u>

2406

ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡുകളും പാലങ്ങളും ഒഴികെയുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലല്ലാത്ത എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്;

(സി) ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>പൊന്നാനി മണ്ഡലത്തിലെ ആസ്തിവികസന ഫണ്ട്
ഉപയോഗിച്ചുള്ള പ്രവൃത്തികൾ</u>

2407 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പൊന്നാനി മണ്ഡലത്തിൽ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് പ്രവൃത്തി നടത്താൻ ധനകാര്യവകുപ്പിന്റെ നിർദ്ദേശപ്രകാരം സമർപ്പിച്ച 5 കോടി രൂപയുടെ വിവിധ പദ്ധതികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>ചീരക്കുഴി തടയണ നിർമ്മാണ പദ്ധതിക്ക്</u>
<u>ഫണ്ട് ലഭ്യമാക്കാൻ നടപടി</u>

2408 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പ് ചേലക്കര മണ്ഡലത്തിൽ ചീരക്കുഴി തടയണ നിർമ്മാണ പദ്ധതി ആവിഷ്കിരിച്ചിട്ട് എത്ര കാലമായെന്നറിയുമോ; പദ്ധതിക്കാവശ്യമായ ഫണ്ട് ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) രൂക്ഷമായ കുടിവെള്ളക്ഷാമത്തിനും കൃഷിയിടങ്ങളിലെ വരൾച്ചക്കും പരിഹാരമായി ആവിഷ്കരിച്ചിട്ടുള്ള പ്രസ്തുത പദ്ധതിക്കാവശ്യമായ തുക അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

നാദാപുരം മണ്ഡലത്തിൽ നബാർഡിന്റെ സഹായത്തോടെയുള്ള പദ്ധതികൾ

2409 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നാദാപുരം മണ്ഡലത്തിൽ നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

നിലവിലുള്ള ജീവനക്കാരെ പങ്കാളിത്ത പെന്‍ഷന്‍ പദ്ധതിയില്‍ നിന്ന് ഒഴിവാക്കാനുള്ള ഉത്തരവ്

2410 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2013 ഏപ്രില്‍ 1 മുതല്‍ സര്‍വ്വീസില്‍ പ്രവേശിക്കുന്ന സര്‍ക്കാര്‍ ജീവനക്കാര്‍ക്കും അദ്ധ്യാപകര്‍ക്കും പങ്കാളിത്ത പെന്‍ഷന്‍ ഏര്‍പ്പെടുത്തുവാനുള്ള സര്‍ക്കാര്‍ തീരുമാനം നിലവിലുള്ള ജീവനക്കാരില്‍ കടുത്ത ആശങ്ക പരത്തിയിട്ടുള്ളത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കില്‍ അത്തരം ആശങ്ക അകറ്റുവാന്‍ സ്വീകരിച്ച നടപടി വെളിപ്പെടുത്താമോ ;

(സി) ഇല്ലെങ്കില്‍ 31.03.2013 വരെ സര്‍വ്വീസിലുള്ള ജീവനക്കാരെ പങ്കാളിത്ത പെന്‍ഷന്‍ പദ്ധതിയില്‍ നിന്ന് ഒഴിവാക്കാനുള്ള പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുമോ ;

(ഡി) നിര്‍ദ്ദിഷ്ട കേന്ദ്ര പി.എഫ്.ആര്‍.ഡി.എ. ബില്ലില്‍ 01.01.2004 മുതല്‍ പങ്കാളിത്ത പെന്‍ഷന് പ്രാബല്യം നല്കിയിട്ടുള്ളത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കില്‍ ഇക്കാര്യത്തില്‍ സര്‍ക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ ;

(എഫ്) പി.എഫ്.ആര്‍.ഡി.എ. ബില്‍ നിലവില്‍ വന്നു കഴിഞ്ഞാലും 31.03.2013 ല്‍ സര്‍വ്വീസിലുള്ള ജീവനക്കാര്‍ക്ക് പങ്കാളിത്ത പെന്‍ഷന്‍ ബാധകമാകാതിരിക്കാനുള്ള പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുമോ ?

**കേരള നിയമസഭ**
**13.02.2013-ലെ മറുപടിക്ക്**

<u>പെന്‍ഷന്‍ പ്രായം വര്‍ദ്ധിപ്പിക്കല്‍</u>

2411 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പെന്‍ഷന്‍പ്രായം 56 ആക്കുകവഴി നടപ്പുവര്‍ഷം വിരമിക്കേണ്ട എത്ര ജീവനക്കാര്‍ക്കാണ് ആനുകൂല്യം ലഭ്യമായതെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുതയിനത്തില്‍ ജീവനക്കാര്‍ക്ക് നല്‍കേണ്ടിയിരുന്ന എത്ര തുകയാണ് ലാഭിക്കുവാന്‍ സാധിച്ചതെന്ന് വിശദമാക്കാമോ ;

(സി) പെന്‍ഷന്‍ പ്രായം വീണ്ടും വര്‍ദ്ധിപ്പിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) പെന്‍ഷന്‍ പ്രായം വീണ്ടും വര്‍ദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ഫയല്‍ ധനകാര്യവകുപ്പില്‍ നിലവിലുണ്ടോ ;

(ഇ) വിഷയുമായി ബന്ധപ്പെട്ട ഫയല്‍ ഏതെങ്കിലും വകുപ്പുകളില്‍ ഉത്ഭവിച്ചിട്ടുണ്ടോ ;

(എഫ്) എങ്കില്‍ ഫയലിന്റെ പകര്‍പ്പ് സഭയുടെ മേശപ്പുറത്ത് വെക്കാമോ ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>പങ്കാളിത്ത പെൻഷൻ പദ്ധതി</u>

2412 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കണമെന്ന് കേന്ദ്ര ഗവൺമെന്റോ കേന്ദ്ര ആസൂത്രണ കമ്മീഷനോ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച കേന്ദ്ര നിർദ്ദേശങ്ങൾ എപ്പോഴാണ് സംസ്ഥാനത്തിനു ലഭിച്ചതെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 13.02.2013-ലെ മറുപടിക്ക്

<u>പങ്കാളിത്ത പെൻഷൻ</u>

2413 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിപ്രകാരം ജീവനക്കാരുടെയും സർക്കാരിന്റെയും വിഹിതമായി ഓരോ വർഷവും ശരാശരി എന്ത് തുക നിക്ഷേപമായി വരുമെന്ന് സർക്കാർ കണക്ക് കൂട്ടിയിട്ടുള്ളതെന്ന് പറയാമോ;

(ബി) ഓരോ വർഷവും ജീവനക്കാരുടെ എണ്ണത്തിന്റെ വർദ്ധനവിനാനുപാതികമായി പ്രസ്തുത നിക്ഷേപതുകയിലുമുണ്ടാകുന്ന വർദ്ധനവ് കണക്കാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത തുക നിക്ഷേപിക്കുന്നതിന് എതെല്ലാം ധനകാര്യ സ്ഥാപനങ്ങളെയാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളതെന്ന് പറയാമോ;

(ഡി) ഈ സ്ഥാപനങ്ങളുമായി സർക്കാർ എന്തെങ്കിലും കരാറുകളിലെത്തിയശേഷമാണോ അവരെ തെരഞ്ഞെടുത്തിട്ടുള്ളതെന്ന് പറയാമോ;

(ഇ) ജീവനക്കാരുടേയും സർക്കാരിന്റെയും വിഹിതമായി നിക്ഷേപിച്ച തുക തിരികെ ലഭിക്കുന്നത് സംബന്ധിച്ച ഉറപ്പ് സർക്കാർ ലഭ്യമാക്കിയിട്ടുണ്ടോ;

(എഫ്) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>പങ്കാളിത്ത് പെൻഷൻ പദ്ധതിയിലെ കുറഞ്ഞ പെൻഷനും ഫണ്ട് മാനേജരും</u>

2414 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിനും ജീവനക്കാർക്കും സാമ്പത്തിക ബാദ്ധ്യതയുണ്ടാകുന്നതും ഖജനാവിലെ പണം ഫണ്ട് മാനേജരുടെ അക്കൗണ്ടിലേക്ക് മാറ്റപ്പെടുന്നതുമായ പദ്ധതിയാണ് പങ്കാളിത്ത പെൻഷൻ പദ്ധതി എന്ന് സർക്കാരിന് ബോദ്ധ്യമുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിലെ ഫണ്ട് മാനേജർമാരായി കേരളം നിശ്ചയിക്കാൻ ഉദ്ദേശിക്കുന്നത് ആരെയൊക്കെയാണ്;

(സി) പുതിയ പെൻഷൻ പദ്ധതിയുടെ കുറഞ്ഞ പെൻഷൻ എത്രയെന്ന് നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) കുറഞ്ഞ സർവ്വീസും കുറഞ്ഞ ശമ്പളവുമുള്ള ജീവനക്കാർക്ക് കുറഞ്ഞ പെൻഷൻ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം എന്തായിരിക്കും

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>പങ്കാളിത്ത പെന്‍ഷന്‍ പദ്ധതി</u>

2415 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സഹകരണമേഖലയിലെ പെന്‍ഷന്‍ പദ്ധതിപോലെ സംസ്ഥാന സര്‍ക്കാര്‍ സര്‍വ്വീസില്‍ ചേരുന്നവര്‍ക്ക് പൂര്‍ണ്ണമായും സംസ്ഥാന സര്‍ക്കാര്‍ നിയന്ത്രണത്തിലുള്ള ഒരു പെന്‍ഷന്‍ ബോര്‍ഡുവഴി പങ്കാളിത്ത പെന്‍ഷന്‍ നടപ്പാക്കുന്നതിനെക്കുറിച്ച് സര്‍ക്കാര്‍ എന്തെങ്കിലും പഠനം നത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാന ജീവനക്കാരുടെ സേവന-വേതന-പെന്‍ഷന്‍ വ്യവസ്ഥകള്‍ ഭരണഘടനപ്രകാരം സ്റ്റേറ്റ് ലിസ്റ്റില്‍ വരുന്നതാണോയെന്ന് വ്യക്തമാക്കുമോ;

(സി) പി.എഫ്.ആര്‍.ഡി.എ. ബില്ല് നിയമമായി കഴിഞ്ഞാല്‍ സ്വന്തമായ സേവന-വേതന-പെന്‍ഷന്‍ പദ്ധതി ജീവനക്കാര്‍ക്കുവേണ്ടി ആവിഷ്ക്കരിക്കുവാന്‍ സംസ്ഥാനത്തിന് അധികാരമുണ്ടോയെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**13.02.2013-ലെ മറുപടിക്ക്**

സംസ്ഥാനത്തെ വിവിധ പെന്‍ഷന്‍ പദ്ധതികള്‍

2416 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്റ്റാറ്റ്യൂട്ടറി പെന്‍ഷന്‍, പി.എഫ്. പെന്‍ഷന്‍, കോണ്‍ട്രിബ്യൂട്ടറി പെന്‍ഷന്‍ ഇവ തമ്മിലുള്ള വ്യത്യാസം എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) കേരളത്തില്‍ പ്രസ്തുത പെന്‍ഷന്‍ പദ്ധതികള്‍ ഏതൊക്കെ മേഖലകളിലായാണ് നടപ്പിലാക്കിവരുന്നത്;

(സി) ഇവ മുഖേന ലഭിക്കുന്ന ആനുകൂല്യങ്ങള്‍ തമ്മിലുള്ള വ്യത്യാസം എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) പി.എഫ്. പെന്‍ഷന്‍, കോണ്‍ട്രിബ്യൂട്ടറി പെന്‍ഷന്‍ എന്നിവ ഏതെങ്കിലും സ്ഥാപനങ്ങളിലെ നിക്ഷേപങ്ങളില്‍ നിന്ന് ലഭിക്കുന്ന പലിശയില്‍ നിന്നാണോ പെന്‍ഷന്‍ നല്‍കുന്നത്?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>എക്സ്ഗ്രേഷ്യാ പെൻഷൻകാർ</u>

2417 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സ്ഗ്രേഷ്യാ പെൻഷൻകാർക്ക് ലഭിക്കുന്ന പ്രതിമാസ പെൻഷൻ തുകയ്ക്ക് ആനുപാതികമായ തുക ജീവിത നിലവാര സൂചികയുടെ അടിസ്ഥാനത്തിൽ അനുവദിക്കാൻ സാധിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) എക്സ്ഗ്രേഷ്യാ പെൻഷൻകാർക്കും പ്രതിമാസ ചികിത്സാസഹായം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത പെൻഷൻകാർക്കുകൂടി കുടുംബപെൻഷൻ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>പെൻഷൻ ചെലവ്</u>

2418 ശ്രീ. അഹ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിരമിച്ച സർക്കാർ ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിന് പ്രതിമാസം എത്ര രൂപ ചെലവാകുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വിരമിച്ച എയ്ഡഡ് വിദ്യാലയങ്ങലിലെ ജിവനക്കാർക്ക് പെൻഷൻ നൽകുന്നതന് പ്രതിമാസം എത്ര തുക ചെലവാകുന്നുവെന്ന് വിശദമാക്കാമോ;

(സി) പെൻഷൻ നൽകുന്നതിന് മാത്രമായി ഒരു പ്രത്യേക വകുപ്പ് രൂപീകരിക്കുന്നകാര്യം പരിഗണനയിലുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>പെൻഷൻ ബെനിഫിറ്റ് സ്കീമുകൾ</u>

2419 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റാറ്റ്യൂട്ടറി പെൻഷൻ ഇല്ലാത്ത വിവിധ ജീവനക്കാർക്ക് ഉപകാരപ്പെടുന്ന വിവിധ പെൻഷൻ ബെനിഫിറ്റ് സ്കീമുകൾ എൽ.ഐ.സി. യെ പോലെയുള്ള പൊതു മേഖലാ സ്ഥാപനങ്ങളും, സ്വകാര്യ ഇൻഷൂറൻസ് കമ്പനികളും നടത്തുന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) പ്രസ്തുത പെൻഷൻ ബെനിഫിറ്റ് സ്കീമുകൾ കെ.എസ്.എഫ്.ഇ. കെ.എഫ്.സി., മുതലായ സംസ്ഥാന സർക്കാർ ധനകാര്യ സ്ഥാപനങ്ങളുടെ കീഴിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

എച്ച്.ബി.എ അനുവദിക്കാൻ സർവ്വീസ് കാലയളവ് കുറയ്ക്കാൻ നടപടി

2420 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ഹൗസ് ബിൽഡിംഗ് അഡ്വാൻസ് ലഭിക്കുന്നതിന് എത്ര വർഷം സർവ്വീസ് പൂർത്തീകരിച്ചിരിക്കണം എന്നാണ് നിബന്ധനയുള്ളത്;

(ബി) സർവ്വീസ് കാലയളവ് കുറയ്ക്കുന്നതിനുള്ള നടപടി കൈക്കൊള്ളുമോ ;

(സി) 2012-13 വർഷത്തിൽ എത്ര പേരാണ് എച്ച്. ബി.എ. യ്ക്കായി അപേക്ഷ നൽകിയത്; എത്ര പേർക്ക് തുക അനുവദിച്ചു; ഇനി എത്ര പേർക്ക് തുക അനുവദിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>സംസ്ഥാന ജീവനക്കാര്‍ക്ക് എല്‍. ടി. സി.</u>

2421 ശ്രീ. കെ. ശിവദാസന്‍ നായര്‍
,, ലൂഡി ലൂയിസ്
,, പാലോട് രവി
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന ജീവനക്കാര്‍ക്ക് എല്‍. ടി. സി. അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തെല്ലാമാണ്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ഏതെല്ലാം ജീവനക്കാര്‍ക്കാണ് ഇതുപ്രകാരമുള്ള ആനുകൂല്യം ലഭ്യമാക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

ദേശീയ സമ്പാദ്യപദ്ധതി ഏജന്റുമാർക്കുള്ള ബോണസും അലവൻസും

2422 ശ്രീ. മാത്യു. റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ സമ്പാദ്യപദ്ധതിയിലെ ഏജന്റുമാർക്ക് നൽകിയിരുന്ന ബോണസും അലവൻസും നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ എന്നു മുതലാണ് നിർത്തിലാക്കിയത്;

(ബി) മറ്റു ജില്ലകളിൽ ബോണസും അലവൻസും ഏജന്റുമാർക്ക് വിതരണം ചെയ്തു കഴിഞ്ഞിട്ടും പത്തനംതിട്ട ജില്ലയിലെ ഏജന്റുമാർക്ക് 2006 മുതലുള്ള ബോണസും 2010 മുതലുള്ള അലവൻസും വിതരണം ചെയ്യാതിരിക്കുന്നതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>നാഷണൽ സേവിങ്സ് സ്കീമിലൂടെ കാസർഗോഡ് ജില്ലയിൽ ലഭിച്ച തുക</u>

2423 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നാഷണൽ സേവിങ്സ് സ്കീമിലൂടെ കാസർഗോഡ് ജില്ലയിൽ എത്ര തുക സമാഹരിച്ചുവെന്നും മുൻവർഷത്തെ അപേക്ഷിച്ച് ഇതിന്റെ വർദ്ധനവ് എത്ര ശതമാനമാണെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

ചെക്ക്പോസ്റ്റുകളുടെ പ്രവര്‍ത്തനം
കമ്പ്യൂട്ടര്‍വല്‍ക്കരിക്കുന്നതിന് നടപടി

2424 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. വി. ശിവന്‍കുട്ടി
,, എ. എം. ആരിഫ്
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വാണിജ്യനികുതി വകുപ്പിന്റെ പ്രവര്‍ത്തനം ആധുനികവല്‍ക്കരിക്കുന്നതിനും ചെക്കുപോസ്റ്റുകളുടെ പ്രവര്‍ത്തനം കമ്പ്യൂട്ടര്‍വല്‍ക്കരിക്കുന്നതിനും ഇതുവരെ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ പ്രധാന ചേക്ക് പോസ്റ്റുകള്‍ സംയോജിത ചെക്കു പോസ്റ്റുകളാക്കി മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കില്‍ ഇതിന്റെ പുരോഗതി വ്യക്തമാക്കുമോ;

(ഡി) വ്യാപാരികള്‍ക്ക് ട്രാന്‍സാക്ഷന്‍ ഡീറ്റെയില്‍സ് സമര്‍പ്പിക്കുന്നതിനുള്ള സംവിധാനം നിലവില്‍ ഏതെല്ലാം ചെക്കു പോസ്റ്റുകളിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത സംവിധാനത്തിന്റെ പ്രയോജനം വിലയിരുത്തിയിട്ടുണ്ടോ;

(എഫ്) എങ്കില്‍ ഇത് ഏതെല്ലാം ചെക്ക് പോസ്റ്റുകളിലേക്ക് വ്യാപിപ്പിക്കാന്‍ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

**കേരള നിയമസഭ**
**13.02.2013-ലെ മറുപടിക്ക്**

<u>നികുതി ചോർച്ച</u>

2425 ഡോ. ടി.എം. തോമസ് ഐസക്
,, ബാബു എം. പാലിശ്ശേരി
,, ആർ. രാജേഷ്
ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാണിജ്യനികുതി അടയ്ക്കാതെ ട്രെയിനുകളിലും വാഹനങ്ങളിലും വൻതോതിൽ ചരക്കുകൾ കൊണ്ടുവരുന്നതുമൂലം സർക്കാരിന് വൻ നികുതിചോർച്ച വരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് തടയുന്നതിനായി വാണിജ്യനികുതി വകുപ്പ് ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ;

(സി) ഇത്തരത്തിൽ ട്രെയിനിലും വാഹനങ്ങളിലും കൊണ്ടുവരുന്ന സാധനങ്ങൾ പിടിച്ചെടുത്താൽ അത് വിട്ടുകൊടുക്കുന്നതിന് ഇപ്പോൾ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്താണ്;

(ഡി) റെയിൽവേ പാഴ്സൽ ഓഫീസുകളിൽ പരിശോധന നടത്തുന്നതിന് വാണിജ്യനികുതി വകുപ്പിന് ആവശ്യമായ നിർദ്ദേശം നൽകുമോ;

(ഇ) ഈ സർക്കാരിന്റെ കാലത്ത് കോഴിയുടെ പ്രവേശന നികുതിയിനത്തിൽ പിഴ ഈടാക്കാൻ നോട്ടീസ് നൽകിയ എത്ര കേസുകളിൽ പിന്നീട് അത് വേണ്ടെന്നുവെയ്ക്കുകയുണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(എഫ്) സംസ്ഥാനത്ത് കോഴിയുടെ പ്രവേശന നികുതിയോ, പിഴയോ ഇനത്തിൽ അടച്ച തുക പിന്നീട് തിരിച്ച് നൽകേണ്ടിവന്നിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കേസുകളിൽ എത്ര തുക എന്ന കണക്കുകൾ ലഭ്യമാണോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

നികുതി വകുപ്പിൽ ഇ- പെയ്മെന്റ് സംവിധാനം

2426 ശ്രീ. സി.പി. മുഹമ്മദ്
'' എ.റ്റി ജോർജ്
'' ഹൈബി ഈഡൻ
'' വി.പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നികുതി വകുപ്പിൽ ഈ -പെയ്മെന്റ് സംവിധാനം നിലവിൽ വന്നിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സൗകര്യം വഴി ജനങ്ങൾക്ക് ലഭിക്കുന്ന പ്രയോജനങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നത്;

(ഡി) നികുതി വകുപ്പിലെ എല്ലാ ഓഫീസുകളിലും പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>വാണിജ്യനികുതിയിനത്തിൽ ലഭിച്ച തുക</u>

2427 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാണിജ്യനികുതിയിനത്തിൽ നടപ്പു സാമ്പത്തികവർഷത്തിൽ എത്ര തുക ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പ്രസ്തുത കലായളവിൽ ലഭിച്ച തുകയേക്കാൾ എത്ര അധികവരുമാനം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>സ്വര്‍ണ്ണ വ്യാപാര സ്ഥാപനങ്ങള്‍</u>

2428 ശ്രീ. പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തിലെ വിവിധ സ്വര്‍ണ്ണവ്യാപാര സ്ഥാപനങ്ങളില്‍ നിന്നും പ്രതിവര്‍ഷം ചെലവാകുന്ന സ്വര്‍ണ്ണവും സ്വര്‍ണ്ണത്തിന്റെ സ്റ്റോക്കും ഇറക്കുമതി ചെയ്യപ്പെടുന്ന സ്വര്‍ണ്ണത്തിന്റെ കണക്കും തമ്മില്‍ പൊരുത്തക്കേടുകളുണ്ടോ എന്ന് പരിശോധിക്കാറുണ്ടോ;

(ബി) സ്വര്‍ണ്ണക്കട ഉടമകള്‍ നല്‍കുന്ന കണക്കുകള്‍ക്കപ്പുറം സ്വര്‍ണ്ണത്തിന്റെ സ്റ്റോക്കും കച്ചവടവും പരിശോധിക്കാന്‍ നിലവിലുള്ള സംവിധാനങ്ങള്‍ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) യഥാര്‍ത്ഥത്തില്‍ കേരളത്തില്‍ കച്ചവടം ചെയ്യപ്പെടുന്ന സ്വര്‍ണ്ണത്തിന്റെ ടാക്സ് മാത്രം ശരിയായി പിരിച്ചെടുക്കാന്‍ സംവിധാനം ഉണ്ടായാല്‍ കേരളത്തിന് എത്ര റവന്യു വരുമാനം ലഭിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) എന്തുകൊണ്ടാണ് ഇപ്രകാരമുള്ള നികുതി യഥാവിധി പിരിച്ചെടുക്കാത്തത് എന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**13.02.2013-ലെ മറുപടിക്ക്**

<u>ചെക്ക്പോസ്റ്റുകളിലെ നികുതി വരുമാനം</u>

2429 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ എത്ര സെയിൽ ടാക്സ് ചെക്ക് പോസ്റ്റുകൾ നിലവിലുണ്ടെന്നു ഇതിലൂടെ എത്ര തുകയുടെ നികുതി വരുമാനം ലഭിക്കുന്നുണ്ടെന്നും ചെക്ക് പോസ്റ്റ് തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 13.02.2013-ലെ മറുപടിക്ക്

<u>ബയോഗ്യാസ് പ്ലാന്റുകൾക്ക് നികുതി ഒഴിവാക്കാൻ നടപടി</u>

2430 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബയോഗ്യാസ് പ്ലാന്റുകൾ പ്രോത്സാഹിപ്പിക്കുന്നതിന്, ഇതുമായി ബന്ധപ്പെട്ടുള്ള നികുതി ഒഴിവാക്കുന്നകാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ബയോഗ്യാസ് പ്ലാന്റുകൾക്ക് നികുതി ഒഴിവാക്കി നൽകുന്നതിന് സത്വരനടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന അരി, പച്ചക്കറി എന്നിവയ്ക്ക് നികുതി ഇളവുകൾ</u>

2431 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിലക്കയറ്റം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന അരി, പച്ചക്കറി എന്നിവയ്ക്ക് നികുതിയിളവുകൾ നൽകണമെന്ന ആസൂത്രണ കമ്മീഷന്റെ ശുപാർശ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനായി ഏതെല്ലാം വിധത്തിലുള്ള നികുതിയിളവിനാണ് ശുപാർശ നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ശുപാർശ പ്രകാരമുള്ള നികുതിയിളവിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

ഡീസലിനു നികുതി ഇളവ് നൽകുന്നത് സംബന്ധിച്ച്

2432

ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡീസലിന്റെ വില വർദ്ധിപ്പിച്ച സാഹചര്യത്തിൽ, സംസ്ഥാന സർക്കാർ നികുതി ഒഴിവാക്കി ജനങ്ങളെ സഹായിക്കുമോ;

(ബി) ഡീസൽ വില വർദ്ധനയെ തുടർന്ന് കെ.എസ്.ആർ.ടി.സി. യ്ക്ക് സംഭവിച്ച അധികച്ചെലവ് സർക്കാരിന് വഹിക്കാമോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കാമോ ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

ഡീസൽ വില വർദ്ധനവ്

2433 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡീസലിന്റെ വൻകിട ഉപഭോക്താക്കൾക്ക് വില വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം സ്ഥാപനങ്ങളാണ് ഈ ഗണത്തിൽവരുന്നത്;

(സി) ലിറ്ററിന് എത്ര രൂപ വീതമാണ് വർദ്ധിപ്പിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) കേരളത്തിന് ഈ വർദ്ധനവിന്റെ ഫലമായി നികുതിയിനത്തിൽ കിട്ടുന്ന അധിക വരുമാനം എത്രയാണ്;

(ഇ) ഡീസലിന്റെ വിൽപ്പന നികുതിയുടെ നിലവിലുള്ള നിരക്ക് എത്ര ശതമാനമാണ്; സർചാർജ്ജ് എത്രയാണ്?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

ട്രഷറികളുടെ നവീകരണപ്രവര്‍ത്തികള്‍

2434 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ട്രഷറികളുടെ നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങള്‍ വിശദമാക്കുമോ;

(ബി) കൊട്ടാരക്കര ജില്ലാ ട്രഷറിയില്‍ നിരന്തരമായി ഉണ്ടാകുന്ന വൈദ്യുതി തടസ്സംമൂലം ഗുണഭോക്താക്കള്‍ നേരിടുന്ന കഷ്ടതകള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) കൊട്ടാരക്കര ജില്ലാ ട്രഷറിയുടെ സുഗമമായ പ്രവര്‍ത്തനത്തിന് ട്രഷറിയില്‍ ജനറേറ്റര്‍ സൗകര്യം സജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>ട്രഷറികളിലെ എ.റ്റി.എം. സംവിധാനം</u>

2435 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളിൽ എ.റ്റി.എം. സംവിധാനം ഒരുക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടംവരെയായി എന്ന് വ്യക്തമാക്കുമോ;

(ബി) പെൻഷൻകാർക്കും ട്രഷറി അക്കൗണ്ട് ഹോൾഡർമാർക്കും ഏറെ പ്രയോജനകരമാകാവുന്ന ട്രഷറി എ.റ്റി.എം. സംവിധാനം സംസ്ഥാനത്തെ എല്ലാ ട്രഷറികളിലും ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ചേർത്തല സബ് ട്രഷറിയോടനുബന്ധിച്ച് പെൻഷൻ ട്രഷറി ആരംഭിക്കുവാനും ട്രഷറി എ.റ്റി.എം. സംവിധാനം ഒരുക്കുവാനുമുള്ള നടപടികൾ ഏതു ഘട്ടംവരെയായി എന്നു വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**13.02.2013-ലെ മറുപടിക്ക്**

<u>നെന്മാറയിൽ പുതിയ ട്രഷറി</u>

2436 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ നെന്മാറയിൽ പുതിയ ട്രഷറി ആരംഭിക്കുന്നതിനുള്ള നടപടി ഏത് ഘട്ടംവരെയായി എന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത ട്രഷറി ആരംഭിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് സർക്കാരിലേയ്ക്ക് ട്രഷറി വകുപ്പിൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(സി) നടപ്പു സാമ്പത്തിക വർഷം നെന്മാറയിൽ പുതിയ ട്രഷറി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

ചാത്തന്നൂർ സബ് ട്രഷറിക്ക് പുതിയ കെട്ടിടം

2437 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം ബന്ധപ്പെട്ട വകുപ്പിന് റവന്യൂ വകുപ്പ് കൈമാറി നൽകുകയും ആയത് ലഭിക്കുകയും ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ട്രഷറി ഇപ്പോൾ പ്രവർത്തിക്കുന്ന സ്ഥലവും കെട്ടിടവും നാഷണൽ ഹൈവേയ്ക്ക് ഭൂമി ഏറ്റെടുക്കുമ്പോൾ നഷ്ടപ്പെടുമെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഭൂമിയിൽ പുതിയ കെട്ടിടം നിർമ്മിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെടുത്തി നൽകിയ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതുവരെ പ്രസ്തുത കെട്ടിടനിർമ്മാണ കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>ഓച്ചിറ സബ്ട്രഷറി</u>

2438 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കരുനാഗപ്പള്ളി താലൂക്കിൽ ഓച്ചിറ കേന്ദ്രമാക്കി സബ്ട്രഷറി പ്രവർത്തനം ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**13.02.2013-ലെ മറുപടിക്ക്**

<u>തൃക്കരിപ്പൂർ കേന്ദ്രീകരിച്ച് സബ്ട്രഷറി</u>

2439 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ കേന്ദ്രീകരിച്ച് സബ്ട്രഷറി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടി ഇപ്പോൾ ഏതുഘട്ടത്തിലാണെന്നും ഇവിടെ എപ്പോൾ സബ്ട്രഷറി ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ;

(ബി) ഇവിടെ നിലവിലുണ്ടായിരുന്ന വൺമാൻ ട്രഷറി നിർത്തലാക്കിയതിന്റെ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>കാലിക്കറ്റ് യൂണിവേഴ്സിറ്റി പരിസരത്ത്</u>
<u>ഒരു സബ്ട്രഷറി</u>

2440 ശ്രീ. കെ. എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ അഞ്ച് പഞ്ചായത്തുകൾക്കുവേണ്ടി കാലിക്കറ്റ് യൂണിവേഴ്സിറ്റി പരിസരത്ത് ഒരു സബ് ട്രഷറി അടുത്ത സാമ്പത്തിക വർഷം തന്നെ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>കുന്ദമംഗലത്തെ ഏകാംഗ ട്രഷറി</u>

2441 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലത്ത് നിർത്തലാക്കിയ ഏകാംഗ ട്രഷറി പുന:സ്ഥാപിക്കുന്നത് പ്രയോഗികമല്ലെന്നും പകരമായി സബ് ട്രഷറി തന്നെ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുമെന്നും 85271/എസ്റ്റ.സി3/2011/ധന, തീയതി 09.01.2012 നമ്പർ കത്തിൽ വ്യക്തമാക്കിയിരുന്നുവോ;

(ബി) ഇത് സംബന്ധിച്ച് എന്ത് തുടർനടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>നൂറനാട് സബ്ട്രഷറിയിൽ ജീവനക്കാരെ നിയമിക്കാൻനടപടി</u>

2442 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച നൂറനാട് സബ്ട്രഷറിയുടെ ഉദ്ഘാടനം കഴിഞ്ഞ് 6 മാസത്തിനു ശേഷവും മതിയായ ജീവനക്കാരെ റീ-ഡിപ്ലോയ്മെന്റിലൂടെ ലഭ്യമായിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത ട്രഷറി ബാങ്കിംങ്ങാക്കി മാറ്റുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**13.02.2013-ലെ മറുപടിക്ക്**

<u>കാരുണ്യ പദ്ധതിപ്രകാരം ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ</u>

2443 ശ്രീ.സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ പദ്ധതിപ്രകാരം കായംകുളം മണ്ഡലത്തിലെ എത്ര രോഗികൾക്ക് എത്ര രൂപ വീതം ധനസഹായം ലഭ്യമാക്കിയിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(ബി) കാരുണ്യ പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

കാരുണ്യ ലോട്ടറി ചികിൽസാപദ്ധതിയുടെ പ്രവർത്തനങ്ങൾ

2444 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പ്രസ്തുത പദ്ധതിയിൽ ചികിൽസ അനുമതി നൽകിയ, സ്വകാര്യ ആശുപത്രികൾ അടക്കമുള്ളവയിൽ എന്നുമുതലാണ് ചികിൽസാ ആനുകൂല്യത്തിന് പരിഗണന ലഭിക്കുന്നത് എന്ന് വിശദമാക്കാമോ;

## കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

കാരുണ്യ ബെനവലന്റ് ഫണ്ട്

2445

ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലോട്ടറീസ് വകുപ്പ് കാരുണ്യ ഭാഗ്യക്കുറി ആരംഭിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ;

(ബി) നാളിതുവരെ കാരുണ്യ ഭാഗ്യക്കുറിയിൽ നിന്നും എത്ര തുക ലാഭമായി ലഭിച്ചുവെന്നും എത്ര തുക കാരുണ്യ ബെനവലന്റ് ഫണ്ടിലേയ്ക്ക് ലഭ്യമാക്കിയെന്നും വ്യക്ത മാക്കുമോ;

(സി) കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും നാളിതുവരെ എത്ര തുക ചികിത്സാ ധനസഹായമായി വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ, റീജിയണൽ കാൻസർ സെന്റർ, ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജി എന്നീ സ്ഥാപനങ്ങളിൽ നടക്കുന്ന ശസ്ത്ര ക്രിയകൾ കൂടാതെ മറ്റേതെല്ലാം സ്ഥാപനങ്ങളിലെ ചികിത്സകൾക്ക് ധനസഹായം അനുവദിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) കാരുണ്യ ബെനവലന്റ് സ്കീമിനായി തെരഞ്ഞെടുത്തി ട്ടുള്ള ആശുപത്രികളിൽ ശസ്ത്രക്രിയയ്ക്ക് വിധേയരാ കുന്ന നിർധന രോഗികൾക്ക് അറിവില്ലായ്മ കൊണ്ട് മുൻകൂട്ടി അപേക്ഷ നൽകാൻ കഴിയാതെ വന്നാൽ മതി യായ രേഖകളോടെ അപേക്ഷ നൽകിയാൽ റീഇം ബേഴ്സ് ചെയ്തു നൽകുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>സംസ്ഥാന ലോട്ടറിയുടെ ഡിസൈൻ കർമ്മം</u>

2446 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ആഴ്ചയിൽ എത്രയിനം ലോട്ടറികൾ പുറത്തിറക്കുന്നുവെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്ത് ആഴ്ചയിൽ പുറത്തിറങ്ങുന്ന ലോട്ടറികളുടെ ഡിസൈൻ കർമ്മം നിർവ്വഹിക്കുന്നത് ആരാണ് അല്ലെങ്കിൽ ഏത് കമ്പനിയാണ്; പേരും വിശദാംശങ്ങളും വെളിപ്പെടുത്തുമോ;

(സി) ലോട്ടറി ഡിസൈൻ ചെയ്ത വകയിൽ ഓരോ ഇനം ലോട്ടറിക്കും എത്ര തുക വീതം പ്രതിവർഷം ചെലവാകുന്നു; വിശദാംശങ്ങൾ നല്കുമോ;

(ഡി) 2006-11 കാലയളവിൽ പുറത്തിറങ്ങിയിരുന്ന ഓരോ ഇനം ലോട്ടറിയും ഡിസൈൻ ചെയ്ത വകയിൽ ചെലവഴിച്ച തുക എത്ര; ഡിസൈൻ കർമ്മം നിർവ്വഹിച്ചത് ആരാണ്; പേരും വിശദാംശങ്ങളും ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>കാരുണ്യ ബനവലന്റ് ഫണ്ട് വഴി സഹായം</u>

2447 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബനവലന്റ് ഫണ്ട് വഴി സംസ്ഥാനത്ത് ഇതുവരെ എത്ര രൂപ ചെലവഴിച്ചു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) എത്ര രോഗികൾക്കാണ് ഫണ്ട് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതി</u>

2448 ശ്രീ. എ. പി. അബ്ദുള്ള കുട്ടി
'' വി. റ്റി. ബല്‍റാം
'' ഹൈബി ഈഡന്‍
'' ആര്‍. സെല്‍വരാജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാരുണ്യാബനവലന്റ് ഫണ്ട് പദ്ധതി പ്രകാരം സംസ്ഥാനത്ത് കാരുണ്യ ഡയാലിസിസ് സെന്ററുകള്‍ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ:

(ബി) സെന്ററുകള്‍ക്ക് വേണ്ട ധനസമാഹരണം എങ്ങനെ കണ്ടെത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജന്‍സികളും വകുപ്പുകളുമാണ് ഇതുമായി സഹകരിക്കുന്നത്?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>കാരുണ്യ ബെനവലന്റ് പദ്ധതി</u>

2449 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ഇതുവരെ എത്ര തുക ധനസഹായമായി വിതരണം ചെയ്തിട്ടുണ്ടെന്നും, കാരുണ്യ ലോട്ടറി മുഖാന്തരം ഇതുവരെ എത്ര തുക സർക്കാരിനു ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ;

(ബി) കണ്ണൂർ ജില്ലയിൽ ഇതുവരെ കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ധനസഹായം ലഭിച്ചിട്ടുള്ളവരുടെ പേരും വിലാസവും ആശുപത്രിയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>കാരുണ്യ ബെനവലന്റ് ഫണ്ട് മുഖേനയുള്ള ചികിത്സാ സൗകര്യങ്ങൾ</u>

2450

ശ്രീ. റ്റി. എൻ. പ്രതാപൻ
,, വർക്കല കഹാർ
,, സണ്ണി ജോസഫ്
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാരുണ്യ ബെനവലന്റ് ഫണ്ട് മുഖേനയുള്ള ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്ന ആശുപത്രികളുടെ വിവരങ്ങൾ പൊതുജനങ്ങൾക്ക് നൽകാൻ വേണ്ടത്ര പ്രചരണം നടത്തുമോ ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

കാരുണ്യ ലോട്ടറിയിൽ നിന്നുള്ള വരുമാനം

2451 ശ്രീ. പി. ബി. അബ്ദുൾ റസാക്
,, സി. മമ്മൂട്ടി
,, എം. പി. അബ്ദുസ്സമദ് സമദാനി
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ലോട്ടറിയിൽ നിന്നുള്ള വരുമാനമുപയോഗിച്ച് ഡയാലിസിസ് വേണ്ട രോഗികൾക്കായി ആരംഭിക്കുന്ന സഹായപദ്ധതിയുടെ വിശദവിവരം നൽകുമോ;

(ബി) രോഗികളുടെ കൂട്ടിരിപ്പുകാർക്കുവേണ്ടിയുള്ള കാത്തിരിപ്പു കേന്ദ്രങ്ങൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 13.02.2013-ലെ മറുപടിക്ക്

ലോട്ടറി പരസ്യം

2452 ശ്രീ. പി.സി ജോർജ്
,, ഡോ. എൻ. ജയരാജ്
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2006-07, 2007-08, 2008-09, 2009-10, 2010-11 എന്നീ കാലയളവിൽ ദൃശ്യ-ശ്രാവ്യ-അച്ചടി മാധ്യമങ്ങളിലൂടെ ലോട്ടറി പരസ്യം ചെയ്ത ഇനത്തിൽ ആകെ എത്ര തുക ചെലവഴിച്ചു;

(ബി) പ്രസ്തുത കാലയളവിൽ എത്രയിനം ലോട്ടറികളാണ് പുറത്തിറക്കിയിരുന്നത്; ഇവ ഏതെല്ലാമെന്ന് പേര് സഹിതം വെളിപ്പെടുത്തുമോ;

(സി) ഇപ്രകാരം പുറത്തിറക്കിയ ഓരോ ഇനം ലോട്ടറിക്കും എത്ര തുക വീതം മേൽകാലയളവിൽ പരസ്യയിനത്തിൽ ചെലവഴിച്ചു;

(ഡി) മേൽ കാലയളവിൽ സിനിമ, ടി വി, സീരിയൽ കലാകാരന്മാരെ വച്ച് ഷൂട്ട് ചെയ്ത പരസ്യങ്ങളും ഗ്രാഫിക് പരസ്യങ്ങളും ഓരോന്നും എത്ര സെക്കന്റ് വീതമാണ് ചെയ്തത്; ഇതിനു ചെലവാക്കിയ തുക ഇനം തിരിച്ച് അറിയിക്കുമോ;

(ഇ) ഇപ്രകാരം പരസ്യം ചെയ്തത് ഏത് പരസ്യ കമ്പനി മുഖാന്തിരമാണ്; വിശദാംശങ്ങൾ നല്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ കാര്യക്ഷമത ഉയർത്തുന്നതിനുള്ള നടപടി

2453 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ത്രിതലപഞ്ചായത്തുകൾ അടക്കമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സർവ്വകലാശാലകളുടെയും മറ്റ് ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങളുടെയും വെൽഫെയർ ഫണ്ട് ബോർഡുകളുടെയും ദേവസ്വം ബോർഡുകളുടെയും അടക്കം സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് വിഭാഗമായ ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ ഓഡിറ്റ് വ്യാപ്തി വർദ്ധിപ്പിക്കുന്നതിനും ഓഡിറ്റിന്റെ കാര്യക്ഷമത ഉയർത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് എന്തു നടപടികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഓഡിറ്റ് ചെയ്യപ്പെടുന്ന സ്ഥാപനങ്ങളിലെ മേലധികാരികൾക്ക് സർചാർജ്ജ് നോട്ടീസ് നൽകുവാനുള്ള അധികാരം ഇപ്പോൾ ലോക്കൽ ഫണ്ട് ഓഡിറ്റിലെ ഓഡിറ്റിന് ചുമതലപ്പെട്ട ഓഫീസ് മേധാവിക്കില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഓഡിറ്റിന് ചുമതലപ്പെട്ട ഓഫീസ് മേധാവിക്കു തന്നെ സർചാർജ്ജ് നോട്ടീസ് നൽകുവാനുള്ള അധികാരം നൽകിക്കൊണ്ട് ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>കെ.എസ്.എഫ്.ഇ.യെ കൂടുതൽ ജനോപകാരപ്രദമാക്കാൻ നടപടി</u>

2454

ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.യെ കൂടുതൽ ജനോപകാരപ്രദമാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) എല്ലാ പഞ്ചായത്തുകളിലും കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകൾ അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(സി) കെ.എസ്.എഫ്.ഇ. മുഖേന വിവിധ ലോണുകൾ കൂടുതൽ നൽകുന്നതിന് നടപടി ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>കാലഹരണപ്പെട്ട നിയമങ്ങൾ</u>

2455 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലഹരണപ്പെട്ടതെന്ന് കണ്ടെത്തിയ നിയമങ്ങൾ റിപ്പീൽ ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നടപടികളിൽ ഇതുവരെയുണ്ടായ പുരോഗതി എന്തെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 13.02.2013-ലെ മറുപടിക്ക്

<u>ലോക് അദാലത്തുകൾ</u>

2456 ശ്രീ. പാലോട് രവി
,, പി. സി. വിഷ്ണുനാഥ്
,, ഷാഫി പറമ്പിൽ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ഥിരമായി ലോക് അദാലത്തുകൾ സംഘടിപ്പിക്കുന്ന സംവിധാനത്തിന് തുടക്കമിട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇത്തരം അദാലത്തുകളിൽ എന്തെല്ലാം തരത്തിലുള്ള കേസ്സുകളാണ് തീർപ്പാക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം വൂകുപ്പുകളാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) യാത്രാക്ലേശമുള്ള സ്ഥലങ്ങളിൽ, സഞ്ചരിക്കുന്ന ലോക് അദാലത്തുകളുടെ പ്രവർത്തനം പ്രയോജനപ്പെടുത്തുമോ ?

**കേരള നിയമസഭ**
**13.02.2013-ലെ മറുപടിക്ക്**

<u>കുട്ടികൾക്കായുള്ള നിയമസഹായ പദ്ധതി</u>

2457 ശ്രീ. കെ. ശിവദാസൻ നായർ
,, എം. എ. വാഹിദ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടികൾക്കായുള്ള നിയമസഹായം ത്വരിതപ്പെടുത്തുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്കാണ് പ്രസ്തുത നിയമസഹായം ലഭ്യമാക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) എവിടെയെല്ലാമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നത് ; വിശദമാക്കുമോ ?

## കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

കേന്ദ്ര ചിട്ടി നിയമം

2458 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കേന്ദ്ര ചിട്ടി നിയമം പ്രാബല്യത്തിലുണ്ടോ;

(ബി) കേരളത്തിൽ ചിട്ടി നിയമത്തിൽ ഏതെങ്കിലും ഭേദഗതി നിലവിൽ ഉണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>ജൂനിയർ അഭിഭാഷകർക്ക് സ്റ്റൈപ്പൻഡ്</u>

2459 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജൂനിയർ അഭിഭാഷകർക്ക് സ്റ്റൈപ്പൻഡ് അനുവദിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിനായി നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട് ;

(സി) പ്രസ്തുത തുകയുടെ വിനിയോഗം സംബന്ധിച്ച നടപടികളുടെ പുരോഗതി അറിയിക്കുമോ ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

ഭവന നിർമ്മാണ ബോർഡിന്റെ പുതിയ ഭവന നിർമ്മാണ പദ്ധതികൾ

2460 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ പുതിയ ഏതെങ്കിലും ഭവനനിർമ്മാണ പദ്ധതി ആരംഭിക്കുകയുണ്ടായോ;

(ബി) ഏതെല്ലാം ജില്ലകളിൽ എവിടെയെല്ലാമാണ് പദ്ധതികൾ ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥലങ്ങളിൽ ഭവനനിർമ്മാണ ബോർഡിന് സ്വന്തമായി ഭൂമി കൈവശമുണ്ടോയെന്നും ഓരോ സ്ഥലത്തും എത്ര ഭൂമി വീതമാണുള്ളതെന്നും വ്യക്തമാക്കുമോ;

(ഡി) പുതിയ ഭവന നിർമ്മാണ പദ്ധതികൾക്കായി എവിടെയെല്ലാം ഇക്കാലയളവിൽ ഭൂമി വാങ്ങിയിട്ടുണ്ടെന്നും ഓരോ പദ്ധതിയ്ക്കും എത്ര ഭൂമി വീതമാണ് വാങ്ങിയതെന്നും ഓരോയിടത്തും പുതിയതായി വാങ്ങിയ ഭൂമിക്ക് സെന്റിന് എത്ര തുകവീതമാണ് നൽകിയതെന്നും അല്ലെങ്കിൽ വില നിശ്ചയിച്ചതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

കോഴിക്കോട് ശാന്തിനഗർ കോളനിയിലെ വീട് നിർമ്മാണം

2461 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ബീച്ചിലെ ശാന്തിനഗർ കോളനിയിൽ നിർമ്മിക്കുന്ന വീടുകളുടെ പ്രവൃത്തി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എത്ര വീടുകൾ നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) രണ്ടാംഘട്ട പ്രവൃത്തികളുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>സായൂജ്യം ഭൂവികസന പദ്ധതി</u>

2462 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സായൂജ്യം ഭൂവികസന പദ്ധതി ചേർത്തല താലൂക്കിൽ നടപ്പിലാക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടപടിക്രമങ്ങൾ വിശദമാക്കാമോ;

(സി) ഭവന നിർമ്മാണ ബോർഡ് സായൂജ്യം ഭൂവികസന പദ്ധതിപോലെയുള്ള പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ എന്തിനുവേണ്ടിയാണ് ചേർത്തലയിലടക്കം ബോർഡിന്റെ കൈവശമുണ്ടായിരുന്ന ഭൂമി വിറ്റുകളഞ്ഞത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഭവന നിർമ്മാണ ബോർഡിന്റെ കൈവശമുണ്ടായിരുന്ന ഭൂമി വിൽപ്പന നടത്തിയപ്പോൾ വാങ്ങിയവർ ഭൂരിഭാഗവും വൻകിട ഭൂമിക്കച്ചവടക്കാരും റിയൽ എസ്റ്റേറ്റ്, ഫ്ളാറ്റ് ബിസിനസ് നടത്തുന്നവരും ആയിരുന്നുവെന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ; എന്തുകൊണ്ടാണ് ഇപ്രകാരം സംഭവിച്ചതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>സാഫല്യം ഭവന പദ്ധതി</u>

2463 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാഫല്യം ഭവന പദ്ധതി കൂടുതൽ ജില്ലകളിൽ വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) സാഫല്യം ഭവന പദ്ധതിയുടെ ഗുണഭോക്തൃ മാനദണ്ഡങ്ങൾ എന്തെല്ലാം;

(സി) സാഫല്യം പദ്ധതി പ്രകാരം നിലവിൽ എത്ര വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

ചാലക്കുടിയിൽ മൾട്ടി പർപ്പസ് ഷോപ്പിംഗ് കോപ്ലക്സ്

2464 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാലക്കുടിയിൽ ഹൗസിംഗ് ബോർഡിന്റെ സ്ഥലത്ത് മൾട്ടി പർപ്പസ് ഷോപ്പിംഗ് കോംപ്ലക്സ് ആരംഭിക്കുന്നതിനുള്ള നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

എം.എൻ ലക്ഷംവീട് നവീകരണ പദ്ധതി

2465 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എം.എൻ ലക്ഷംവീട് നവീകരണ പദ്ധതി പ്രകാരം പുതുതായി എത്രവീതം വീടുകൾ അനുവദിച്ചുവെന്നും എത്രയെണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചുവെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

എം. എൻ. ലക്ഷംവീട് പുനരുദ്ധാരണ പദ്ധതി

2466 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ പാവപ്പെട്ടവർക്ക് വീട് നിർമ്മിച്ചു നൽകുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ എതു പദ്ധതിയാണെന്ന് വ്യക്തമാക്കുമോ;

(ബി) എം.എൻ. ലക്ഷം വീട് പുനരുദ്ധാരണ പദ്ധതിപ്രകാരം സംസ്ഥാനത്ത് ആകെയും വൈക്കം നിയോജകമണ്ഡലത്തിലും എത്ര വീടുകളുടെ പുനരുദ്ധാരണമാണ് നടത്തുന്നതെന്ന് വിശദമാക്കുമോ;

(സി) ഇതുവരെ പുനരുദ്ധാരണത്തിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) എം.എൻ ലക്ഷം വീട് പുനരുദ്ധാരണത്തിന് എത്ര രൂപ വീതമാണ് ഗുണഭോക്താക്കൾക്ക് നൽകുന്നത്;വ്യക്തമാക്കാമോ;

(ഇ) പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുന്നത് ഏത് ഏജൻസി വഴിയാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>അങ്കമാലി മണ്ഡലത്തിലെ ലക്ഷംവീട് കോളനികളിലെ വീടുകളുടെ ശോച്യാവസ്ഥ</u>

2467 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ ലക്ഷംവീട് പദ്ധതിപ്രകാരം അനുവദിച്ച വീടുകളുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടി എന്തെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

ഹൗസിംഗ് ബോർഡ് ജീവനക്കാരുടെ ശമ്പള
പരിഷ്കരണ നടപടികൾ

2468 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹൗസിംഗ് ബോർഡ് ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് ;

(ബി) ഇതു സംബന്ധമായ ഉത്തരവ് പുറപ്പെടുവിക്കാൻ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണ ഉത്തരവ് പുറപ്പെടുവിച്ച്, ജീവനക്കാരുടെ സംഘടന നടത്തി വരുന്ന സമരം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**13.02.2013-ലെ മറുപടിക്ക്**

ഭവനനിർമ്മാണ ബോർഡിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ

2469 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ കേരള സർവ്വീസ് നിയമങ്ങളും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിയമങ്ങളും പാലിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഭവനനിർമ്മാണ ബോർഡിൽ ഒൻപതാം ശമ്പളകമ്മീഷൻ റിപ്പോർട്ട് നടപ്പാക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിലും അർദ്ധസർക്കാർ സ്ഥാപനങ്ങളിലുമാണ് ശമ്പളപരിഷ്കരണം നടപ്പിലാക്കാത്തതെന്നും അത് എന്തു കൊണ്ടാണെന്നും അറിയിക്കുമോ;

(ഡി) ഭവനനിർമ്മാണ ബോർഡിലെ ജീവനക്കാർ നടത്തുന്ന റിലേ സത്യാഗ്രഹ സമരം ഒത്തുതീർപ്പാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തിരമായി നടപടി സ്വീകരിക്കുമോ ?